ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in

നം: DHS/12358/2025-EC4 തീയതി: 24-02-2026

**അനുബന്ധം എച്ച്.4**

**നോട്ടീസ്**

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ആയ ഡോ. ലൗലി സുധീഷ് ലാൽ (പെൻ 881419) എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജുമെമ്മോ DHS/12358/2025-EC4, 19-05-2025 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയിട്ടില്ല എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത കുറ്റാരോപണ മെമ്മോ താങ്കൾ കൈപറ്റാതെ Left-Return to sender എന്ന അഭിപ്രായത്തോടെ തിരികെ ലഭ്യമാവുകയുണ്ടായി. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിന് അനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ പത്രികയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കുമുൻപ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം-ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

Digitally signed by
Reena K J
Date: 24-02-2026
15:45:19

ഡോ.റീന.കെ.ജെ.,

ആരോഗ്യ വകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്:- ഡോ.ലൗലി സുധീഷ് ലാൽ

ഷിജി കോട്ടേജ്, എസ്.എൻ.ആർ.എ 70

കഴക്കൂട്ടം, തിരുവനന്തപുരം - 695582